find it very difficult to understand it. I had been in this Council for the last 9 years and I have seen about 9 budgets. I did not see any originality in any of them. Beyond a statement of figures in the various columns and some changes here and there, say, 2 lakhs for the College scheme this year changed into 2 lakhs for the Karivannur scheme in the next and so on and so forth. It is only a manipulation and balancing of figures.

Mr. George Chakyamuri.—What more do you expect?

Mr. E. Ikkanda Warriar.—Nothing, Sir, under the present circumstances. My object is only to bring to the notice of the Government that it is their duty to understand the real state of affairs and to find out ways and means for facing it. It may be the customs revenue may not be so dependable as before. They can, by not taking up items that are not absolutely necessary, save some money. Or by retrenching the pay of the officers they can save some more. After all it is only a matter of 2½ lakhs. If they cut the pay of the officers by 10 per cent as was done last year they can very easily find it out. My submission is, in the state in which we are, considering the powers that this Council has, I do not find my way to admit the proposition put forward that this resolution is premature. This is the only appropriate time when we can bring it up. The question of passing this motion is not my only consideration. What I want is remission. The Council has power only to make requests to Government. I have made that request. Since they have assured this House that they would consider this question seriously at the time of the preparation of the budget I do not propose to press this resolution for a division. I therefore request leave of the House to withdraw my resolution.

Resolution was, with leave, withdrawn.

Removal of all unapproachability Notice Boards.

Mr. K. Ayyappan.—Sir, I move that—

This Council recommends to the Government to remove all unapproachability Notice Boards and not to allow any such notice boards being newly put up anywhere in the State.

സാർ, ഇപ്പോൾ ചിലസ്ഥലത്തു് നോട്ടീസുബോർഡുകൾ വയ്ക്കുവാനുള്ള ശ്രമം നടന്നുവരുന്നതായി അറിയുന്നു. തിരുവഞ്ചിക്കുളത്തു് മുമ്പു് എല്ലാവരും നടന്നിരുന്നതായ പുറമ്പോക്കു സ്ഥലത്തു് ചിലജാതിക്കാരെ പ്രവേശിപ്പിയ്ക്കാതിരിക്കുവാൻവേണ്ടി നോട്ടീസുബോർഡുകൾ വക്കുന്നകാര്യത്തിൽ ഗവർമ്മെണ്ടിൽ നിന്നും എഴുത്തുകുത്തുകൾ നടക്കുന്നുണ്ടു്. അതിൽ ചില സമുദായക്കാരെ ഉദ്ദേശിച്ചു് Low castes എന്നു വളരെ അപമാനകരമായ നിലയിലുള്ള ചില പദങ്ങളെല്ലാം പ്രയോഗിച്ചിരിക്കുന്നു. അതു ക്ഷന്തവ്യമല്ല; അതിരിക്കട്ടെ. ഒരു കാലത്തു നടപ്പിലിരിക്കുന്ന ആചാരങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ട്ടെ മാറ്റുവാൻ വിഷമമുണ്ടെന്നു പറഞ്ഞാൽ മനസ്സിലാക്കുവാൻ പ്രയാസമില്ല. എന്നാൽ എല്ലാവരും ഇപ്പോൾ നടന്നുവരുന്ന സ്ഥലത്തു് മില്ലുകളുടെ പ്രവേശനത്തെ തടയുവാൻവേണ്ടി നോട്ടീസുബോർഡുവയ്ക്കുവാൻ ശ്രമിക്കുന്നതു ശുദ്ധമേ അന്യായമാണു്. ഗവമ്മെണ്ടിലേക്കു് ഈ വക അപകടമായ കടലാസുകൾ വരുമ്പോൾ എല്ലാം ശരിക്കു ശ്രദ്ധിച്ചുവെന്നുവരികയില്ല. ഇങ്ങനെ വരുന്ന കടലാസുകൾ മറിഞ്ഞു മറിഞ്ഞു മേലധികാരികളുടെകയ്യിൽ വന്നു് അവർ അതു ശ്രദ്ധിക്കാതെ—ദിവാൻജിയോ സെക്രട്ടറി അവർകളോ മറ്റു മേലധികാരിയോ ശ്രദ്ധിക്കാതെ—പാസായിട്ടു് തീണ്ടൽ ബോർഡുകൾ കൊണ്ടുവന്നു വച്ചു് ഇഴവരേയും മറ്റും അപമാനിക്കാൻ ഇടവന്നാൽ അതു വലിയ സങ്കടമായിരിക്കും. ഗവമ്മെണ്ടിന്റെ അനുവാദത്തോടുകൂടി നോട്ടീസുബോർഡു വച്ചുകഴിഞ്ഞാൽ പിന്നെ അതിനെ ലംഘിക്കുവാൻ നിവൃത്തിയില്ലാതെ വരും. പക്ഷെ എല്ലാ ആളുകളും അത്രമാത്രം നിയമബോധമുള്ളവരായിരിക്കുകയില്ല. അങ്ങനെ നിയമബോധമില്ലാത്ത ആളുകൾ ചിലപ്പോൾ ഇതുവരെ ഇതിവിടെ പതിവില്ലായിരുന്നുവല്ലോ, ഇപ്പോൾ മാത്രം കൊണ്ടുവച്ചിരിക്കുന്നതാരാണു് എന്നു പറഞ്ഞു് അതെടുത്തു കൊത്തിക്കീറി കളയുവാൻ പുറപ്പെട്ടേക്കും. പരമാർത്ഥത്തിൽ ബോർഡല്ല കൊത്തിക്കീറി കളയേണ്ടതു്; അതു കൊണ്ടുവച്ചവനേയും കൊത്തിക്കീറണം എന്നു ചില സാഹസികൾക്കു തോന്നിയേക്കും. ഏതായാലും ഈവക കാര്യങ്ങളിൽ നിയമപ്രകാരംതന്നെ എല്ലാവരും പ്രവൃത്തിക്കുവാൻ തയ്യാറായി എന്നുവരികയില്ല. അതുള്ള നിയമപരിജ്ഞാനവും ബോധവും എല്ലാവർക്കും ഉണ്ടായിരിക്കയില്ല. ഇങ്ങനെയുള്ള സ്ഥിതിഗതി നാട്ടിൽ ഉണ്ടാകാതിരിയ്ക്കുവാൻ വേണ്ടി ഇനിയെങ്കിലും ഈ വിഷയത്തിൽ ഗവമ്മെണ്ടു ശ്രദ്ധിക്കണമെന്നാണു ഞാൻ പറയുന്നതു്. താണജാതിക്കാരെന്നുംമറ്റും പറഞ്ഞാൽ ഞങ്ങൾക്കു് വലിയ അപമാനമല്ലേ? അങ്ങനെ ഉദ്യോഗസ്ഥന്മാരെഴുതിയയച്ചാൽ ഗവമ്മെണ്ടു് അതറുവടിച്ചു കൊടുക്കുവാൻ പാടില്ല. എല്ലാവരും നടന്നുവരുന്ന ഒരു സ്ഥലമാണു് തിരുവഞ്ചിക്കുളം. മാത്രമല്ല തീണ്ടലെന്നുള്ളതു് കുറഞ്ഞുവരുന്ന കാലമാണിതു്. ജനങ്ങളുടെയിടയിൽ അധികമായും തീണ്ടൽ തൂത്തുവച്ചുവരുന്നില്ല. ചില കുശുമ്പന്മാരായ ഉദ്യോഗസ്ഥന്മാരാണു് ഇതെല്ലാം എഴുതി അയയ്ക്കുന്നതു്. ഇതു വളരെ അപകടമായ ഒരു പ്രവൃത്തിയാണു്. അതനുവദിച്ചുകൊടുക്കുന്നതു വലിയ സങ്കടമായിട്ടുള്ളതാണു്. ഇപ്പോൾ ചില ബോർഡു് എല്ലാവരും നടക്കുന്ന സ്ഥലങ്ങളിൽ വയ്ക്കുവാൻ പോകുന്നുണ്ടു്. അതുകൾ അവിടെ സ്ഥാപിയ്ക്കുവാൻ പാടില്ലെന്നാണു് ഞാൻ പറയുന്നതു്. മുമ്പു വച്ചിട്ടുള്ള എല്ലാ ബോർഡുകളും എടുത്തുകളയുകയും വേണം. എവിടെനിന്നെങ്കിലും ഏതുദ്യോഗസ്ഥൻ എഴുതി അയച്ചാലും ഗവമ്മെണ്ടിൽനിന്നും തീണ്ടൽ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡുകൾ താമസിയാതെ അനുവദിച്ചുകൊടുക്കുന്നതാണ്. മിസ്റ്റർ ചെയർമാൻ അവർകൾ, കളക്ടർ അവർകൾ, പോലീസ് ഓഫീസർമാർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാവശ്യമാണ്. നിങ്ങൾ മൂന്നു പേർ വിചാരിച്ചാൽ ഇങ്ങനെ ഒരുപകടം വരെ അടക്കം ഈ രാജ്യത്തു ചെയ്യുവാൻ സാധിക്കുകയില്ല. നിങ്ങൾ മൂന്നാളുടെ കയ്യിൽ കൂടിയാണ് ഇതുകൾ പോകുവാനിടയുള്ളതു്. പണ്ടായത്തു രാജസ്ഥാനത്തിലുള്ളവർകളും ഈ കാര്യത്തിൽ കുറെ ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു സംഗതി ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഇതെല്ലാം ഇനിയും കണ്ടു സഹിച്ചുകൊണ്ടിരിക്കുവാൻ എല്ലാവക്കും സാധിക്കുകയില്ലെന്നു ഞാൻ ഗവൺമെണ്ടിനെ അറിയിക്കുന്നു. ഞാൻ ഇപ്പോൾ പറയുന്നതു് നടപ്പിലിരിക്കുന്ന അചാരങ്ങളെ തട്ടിക്കളയണമെന്നുള്ള കാര്യമല്ല. പുതുതായി ഞങ്ങളെ അപമാനിക്കുവാൻ വേണ്ടി ചെയ്യുന്ന ഏർപ്പാടുകളെ അനുവദിച്ചുകൊടുക്കരുതെന്നു മാത്രമാണ്. ഇനിയും ഇങ്ങിനെയുള്ള കാര്യങ്ങൾ ഗവൺമെണ്ടു് അംഗീകരിക്കുകയാണെന്നുണ്ടെങ്കിൽ അതു് എല്ലാവരും എപ്പോഴും കണ്ടു സഹിച്ചുകൊണ്ടു് അടങ്ങിയിരുന്നാവെന്നു വരികയില്ല. പുതിയ ബോർഡുകൾ സ്ഥാപിക്കുന്ന വിഷയത്തിൽ നിയമങ്ങളെങ്ങിനെയായാലും, നടപടികൾ എങ്ങിനെയായാലും, ഭവിഷ്യത്തു" എന്തുതന്നെയായാലും, ചില സമയത്തു് കലാപങ്ങൾക്കും സാഹസങ്ങൾക്കും ഇടവരുമെന്നുള്ളതിനു സംശയമില്ല. അതു് അപകടമാണെന്നോ അവിവേകമാണെന്നോ നിങ്ങൾ പറയുമായിരിക്കാം. സർവ്വ രാജ്യങ്ങളിലും ഇങ്ങിനെ അവിവേകങ്ങളും കാര്യവിവരമില്ലായ്മയും നടന്നുവരുന്നുണ്ടു്. അതു് എല്ലാവക്കും ഓർമ്മവേണം. തിരുവഞ്ചിക്കുളത്തു് ബ്രാഹ്മണരും നായന്മാരുമെല്ലാം വളരെ ലോഹത്തിൽ കഴിയുന്നവരാണ്. അവരാരും ഇപ്പോൾ ബോർഡു് ആവശ്യപ്പെട്ടിരിക്കയില്ല. ചില കുസൃതിക്കാരായ ഉദ്യോഗസ്ഥന്മാരാണ് ഈ തരാറുകൾ ചെയ്യുന്നതു്. ജനങ്ങളിൽ നിന്നു് ഇതിലേക്കു് ഇവർ ഹർജികൾ എഴുതിവാങ്ങിച്ചേക്കും. ഇവർ ബോർഡും വെച്ചുപോകും. തമ്മിൽതല്ലാൻ പോകുന്നതു് വെറുതെയിരിക്കുന്ന ജനങ്ങളാണ്. അതുകൊണ്ടു് ഗവൺമെണ്ടു് ഒരിക്കലും ഈ ബോർഡുകൾ വെക്കാൻ അനുവദിച്ചുകൂടാത്തതാണ്

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.—ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. അല്പം ആവശ്യപ്പെട്ടിട്ടുപോലും കിട്ടുന്നതാ എന്നുള്ള ഒരു സംഭവമാണ് ഈ സന്ദർഭത്തിൽ എനിക്കു് ഓർമ്മവരുന്നതു്. രണ്ടു മൂന്നു പ്രാവശ്യത്തിലധികം ഈ തീണ്ടൽ നിഷേധിച്ചതായിട്ടു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തണമെന്നു് പൊന്നുതമ്പുരാനോടു് അപേക്ഷിച്ചുകൊണ്ടു് പ്രമേയങ്ങൾ ഈ കൌൺസിലിൽ തന്നെ പാസായിട്ടുണ്ടു്. ഇന്നു് എല്ലാ ദിക്കിലും, രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ഒട്ടും പ്രയോജനമില്ലാത്ത ക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ത്രങ്ങളും കൂടി തുറന്നുകൊടുക്കണമെന്നു് മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരുടെയിങ്ങനെയുള്ള എഴുത്തുകുത്തുകൾ നടക്കുന്നതു കേട്ടിട്ടു് ഞാൻ വളരെ അത്ഭുതപ്പെടുന്നു. ഒരു കാലത്തു് അധഃകൃതർ എന്നു കൂട്ടർ അവരുടെ അവകാശങ്ങൾ എന്താണെന്നറിഞ്ഞിരുന്നില്ല. അതറിയുവാനുള്ള വിദ്യാഭ്യാസം അവർക്കു കൊടുത്തിരുന്നില്ല. കുറെക്കാലം ഈവക കാര്യങ്ങളെല്ലാം അവരെ അറിയിക്കാതെ കഴിച്ചുകൂട്ടിയെന്നുവരികിലും ഇനി അതു് സാധിക്കുന്നതല്ല. സാധിക്കുന്നതായാൽതന്നെ അതു് ഈ രാജ്യത്തിനു വളരെ അപകരമായിട്ടുള്ളതാണു്. മാത്രമല്ല, ബാക്കിയുള്ള സമുദായങ്ങളിലെ ഭ്രാപക്ഷമാളുകൾക്കും ഈവക നടപടികൾ നിലനിർത്തിക്കൊണ്ടുപോകണമെന്നു് ആഗ്രഹമോ ഉദ്ദേശമോ ഉള്ളതായും കാണുന്നില്ല. ഇങ്ങിനെയിരിക്കുന്ന ഈ പതനത്തിൽ ഗവമ്മെണ്ടിനു് തിട്ടയായും ഏതെല്ലാം തരത്തിലാണു് ഈ നാട്ടിലെ അനാചാരങ്ങളെ ഇല്ലാതാക്കുവാൻ വേണ്ടി ഒരുങ്ങി പ്രവൃത്തിക്കുന്ന പ്രവർത്തകന്മാരെ സഹായിക്കുവാൻ കഴിയുമോ അതെല്ലാം ചെയ്തുകൊടുക്കേണ്ടതാണു്. അതിനുപകരം അവിടവിടെ ഓരോ മുക്കിലും മൂലയിലും ഇരിക്കുന്ന ഒന്നോ രണ്ടോ ആളുകളുടെ ആവശ്യം അനുസരിച്ചു് അവരെ സഹായിക്കുന്നതിനു വേണ്ടിയുള്ള ആലോചനകൾ നടത്തുന്നു എന്നുവരികിൽ അതിനപ്പുറം കഷ്ടമായ ഒരു പ്രവൃത്തി വേറെ ഒന്നും തന്നെ ഉണ്ടായിരിക്കയില്ല. എനിക്കു് ഈ വിഷയത്തെ സംബന്ധിച്ചു് തൈക്കെ ഇഴവ നിയോജകമണ്ഡല പ്രതിനിധി പറഞ്ഞതിൽ കൂടുതലായി ഒന്നുംതന്നെ പറയുവാനില്ല. മേലാൽ ഈവക വിഷയങ്ങൾ ഈ കൌൺസിലിൽ കൊണ്ടുവരുവാൻ ഇടവരാത്തവിധത്തിൽ ഈ കൌൺസിലിന്റെ അപേക്ഷയനുസരിച്ചു് നാട്ടിൽനിന്നും അയിത്തത്തെ ഉന്മൂലനാശം ചെയ്തിരിക്കുന്നതായി ഗവമ്മെണ്ടിൽനിന്നു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ മഹാരാജാവുതിരുമനസ്സിനോടു് അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

Mr. P. S. Kesavan Nambudiri.—Sir, on a point of information, may I know from Government whether there is any foundation for the statement of the Hon'ble mover.

Rama Varmha Tampuran.—It is true that there is a file on the subject.

മിസ്റ്റർ ജോണ്ണു ചാക്കാമുറി.—ഈ പ്രമേയത്തിന്റെ തത്ത്വത്തോടു് യോജിക്കുന്നുവെങ്കിലും പ്രമേയത്തെ ഞാൻ എതിർക്കുന്നു. പല പ്രാവശ്യവും ഈ കൌൺസിലിൽ തന്നെ അയിത്തം കളയണമെന്നും തീണ്ടലും തൊടീയലും ഇല്ലാതാക്കണമെന്നും പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ടു്. അതുപോലെ തന്നെ untouchability

LIBRARY ARCHIVES Kerala Legislative Assembly

യോടും unapproachability യോടും ഞങ്ങൾ എതിരാണെന്നും, എല്ലാ ജാതി മതസ്ഥന്മാരും ഞങ്ങൾക്കു് ഒന്നുപോലെയാണെന്നും സർവ്വമെണ്ടു് തന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഈ നിലയിൽ പരസ്യമായി കൌൺസിലിലും പ്രൊസീഡിംഗ്സിലും തന്നെ പറഞ്ഞിരിക്കുന്ന ഈ അവസരത്തിൽ എവിടെയെങ്കിലും രണ്ടോ മൂന്നോ നാലോ ബോർഡുകൾ വച്ചിട്ടുണ്ടെങ്കിൽ അതിനെയെടുത്തു കളയുവാൻ ശ്രമിക്കാതെ അതിലേക്കു് ഇവിടെ ആവലാതി പറയുവാൻ വന്നതു വളരെ കഷ്ടമാണെന്നാണു് എനിക്കു് തോന്നുന്നതു്. മൂന്നു ലക്ഷത്തോളം ജനസംഖ്യയുള്ള ഈഴവ സമുദായത്തെയും അധഃകൃതസമുദായത്തെയും പരസ്യമായി ആക്ഷേപിക്കത്തക്കവിധത്തിൽ ഇങ്ങിനെയുള്ള തോന്ന്യാസങ്ങൾ കാണിച്ചാൽ അതു എടുത്തു കളയുവാൻ പുണയുള്ള പൌരപ്രമുഖർ ഈ രാജ്യത്തിലില്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്.

Mr. K. Ayyappan.—Christians also included.

മിസ്റ്റർ ജോജ്ജു ചാഴിക്കാടൻ.—ക്രിസ്ത്യാനികളായാലും അരായാലും എല്ലാ ജാതിക്കാരും ഒന്നുപോലെയാണെന്നു സർവ്വമെണ്ടു തന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ തോന്ന്യാസം കാണിച്ചു് ഇങ്ങിനെയുള്ള ബോർഡുകൾ വച്ചിട്ടുണ്ടെങ്കിൽ അതിനെ എടുത്തുകളയാതെകണ്ടു് അതിലേക്കു് ഒരു പ്രമേയം കൊണ്ടുവരേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബോർഡുവച്ചു എന്നല്ല വെക്കുവാൻ പോകുന്നു എന്നാണു് ആവലാതി പറയുന്നതു്. അഥവാ വച്ചാൽ തന്നെയും കാൽ റാത്തൽ തൂക്കമുള്ള ഒരു പലകക്കഷണം എടുത്തുകളയുവാൻ ചുമതലാബോധമുള്ള പൌരന്മാർ ശ്രമിക്കേണ്ടതാണെന്നാണു് എന്റെ താഴ്മയായ അഭിപ്രായം. ബോർഡു് എടുത്തുകളഞ്ഞാൽ എന്താണു കുഴപ്പമുള്ളതു്? ഒരു കുഴപ്പവും ഉണ്ടാകയില്ല. പോലീസു് കമ്മീഷണർ വന്നാൽ പോലും ബോർഡു എടുത്തുകളഞ്ഞിട്ടുണ്ടെങ്കിൽ അവക്കെന്തു ചെയ്യാൻ സാധിയ്ക്കും? ഇങ്ങിനെയുള്ള ബോർഡുകൾ വെക്കുന്നതു തന്നെ വെറും അനാവശ്യമാണു്. ഇതു ചില സമുദായക്കാരെ കുറെ കൂടി പരസ്യമായിട്ടു് സർവ്വമെണ്ടു് ആക്ഷേപിക്കുകയല്ലേ ചെയ്യുന്നതു്? ഈ രാജ്യത്തെ എല്ലാ പ്രജകളും ഒന്നുപോലെയാണെന്നു പൊന്നുതമ്പുരാൻ തിരുമനസ്സിൽ നിന്നു തന്നെ പറയുന്നുണ്ടു്. അതുകൊണ്ടു് ഞങ്ങളുടെ നാട്ടിൽ ഇങ്ങിനെയുള്ള ബോർഡുകൾ വയ്ക്കുവാൻ ഞങ്ങൾക്കു സമ്മതമില്ലെന്നു പറഞ്ഞു് അതു എടുത്തുകളയാതെ ഈ മാതിരി ഒരു പ്രമേയം ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. ആയിരത്തിൽ ചിലപ്പോൾ മൈൽ വിസ്തീർണ്ണമുള്ള ഈ രാജ്യത്തു് ഇങ്ങിനെയുള്ള ബോർഡുകൾ വച്ചു് പ്രജകളെ ആക്ഷേപിക്കുന്നതു് ഈ രാജ്യത്തിന്റെ അന്തസ്സിനു തന്നെ വലിയ പോരായ്മയാണു്. അതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടു് ഇങ്ങിനെ ഒരു പ്രമേയം തന്നെ ഈ കൌൺസിലിൽ കൊണ്ടു വരേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

Mr. A. Sankara Poduval.—Sir, it seems to me that this resolution is much vague in its scope. So far as I know, there are no notice boards put up anywhere in the public roads in the State and if these boards are on roads maintained by the Devaswom Department the question is outside the province of this Council. Without ascertaining the fact and without the Council being informed as to whether these objectionable boards have been either put up, or are sought to be put up on the public roads it is not proper to express our views in regard to this resolution. As it is, it is much too vague and I cannot take part in the poll.

മിസ്റ്റർ എം. കെ രാമൻ—സർ, ബഹുമാനപ്പെട്ട പള്ളുരുത്തി മെമ്പർ പറഞ്ഞ അഭിപ്രായമനുസരിച്ചു് പ്രവൃത്തിക്കുവാൻ ആരും ഒരുങ്ങുമെന്നു തോന്നുന്നില്ല. അതു് എളുപ്പമുള്ള സംഗതിയുമല്ല. അങ്ങിനെ ചെയ്താൽ അതു ഫലപ്രാപ്തിയിൽ വരുമെന്നു ഞാനും സമ്മതിക്കാം. എന്നാൽ അതിനു മുമ്പു് നിയമപരിധിക്കുള്ളിൽ കൂടിയുള്ള ചില വഴികൾ ആലോചിച്ചു പ്രവൃത്തിക്കുന്നതു് കുറച്ചുകൂടി നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഇതു് ആരോ ചില ആളുകളുടെ തോന്ന്യാസമാണെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട പള്ളുരുത്തി മെമ്പർ പറഞ്ഞതു പോലെ വെറുതെ ഗവർമ്മെണ്ടിനെ കുറ്റം പറഞ്ഞിട്ടു് കാര്യമില്ല. ഈ വക കാര്യങ്ങൾക്കു് ഗവർമ്മെണ്ടിൽ നിന്നു് നേരിട്ടു് അംഗീകരിച്ചില്ല പൊതുസ്ഥലങ്ങളിൽ ഇങ്ങിനെയുള്ള ബോർഡുകൾ വച്ചിരിക്കുന്നതെന്നും ചില ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടെ കൃത്യതകളാണെന്നും തെക്കെ ഈഴവ മെമ്പർ പറയുകയുണ്ടായി. എനിക്കു പറയുവാനുള്ളതു് ഈ കൃത്യതക്കാരെ ഉടനെ കണ്ടുപിടിച്ചു് വേണ്ടപോലെ നടപടി നടത്തണമെന്നാണു്. ഇതു് വളരെ ഔദ്യോഗികമായിട്ടുള്ള ഒരു സംഗതിയാണു്. ഇന്നത്തെ നിലയിൽ നിന്നും ഇതു് കുറെ കൂടി വലുതായ ഒരു രൂപത്തിൽ വരികയാണെങ്കിൽ ആത്മാഭിമാനബോധമുള്ള സകലആളുകളും ഇതിനെ എതിർക്കുമെന്നുള്ളതിനു സംശയമില്ല. ഇപ്പോൾ വിദ്യാഭ്യാസത്തിന്റെ പ്രചാരംകൊണ്ടു് താഴ്ന്ന പടിയിൽ കിടന്നിരുന്ന സമുദായക്കാർക്കെല്ലാം മനോവികാസം വർദ്ധിച്ചുവരികയാണു് ചെയ്യുന്നതു്. ആ സ്ഥിതിക്കു് അവർ ഇനി ഈ മാതിരി അനീതികൾ കണ്ടുകൊണ്ടു് ക്ഷമയോടു കൂടിയിരിക്കയില്ല. ഇതു വളരെ അപകടകരമായ ഒരു പ്രവൃത്തിയാണു്. ഇതിനു് കാരണക്കാർ കൃത്യതികളായുള്ള ചില കീഴുദ്യോഗസ്ഥന്മാരാണു്. അതുകൊണ്ടു് അവരുടെ കൃത്യതികളെ മേലുദ്യോഗസ്ഥന്മാർ ഉടനെ കണ്ടുപിടിച്ചു് പെട്ടെന്നു ഇല്ലായ്മ ചെ

LIBRARY ARCHIVES Kerala Legislative Assembly

ായ്ണ്ടത്ത അത്യാവശ്യമാണ്. വളരെ കൊല്ലങ്ങൾക്കു മുമ്പേ ഇങ്ങിനെ വച്ചിട്ടുള്ള പലകക്ഷ്ണങ്ങളെ എടുത്തുകളയേണ്ടതാണെന്നു ഈ നിയമസഭയിൽ പല പ്രമേയങ്ങൾ കൊണ്ടുവരുവാൻ എനിക്കു തന്നെ സാധിച്ചിട്ടുണ്ടു്. അതിനുള്ള കാലമെല്ലാം കഴിഞ്ഞുപോയിരിക്കുന്നതായി ഗവൺമെണ്ടിൽ നിന്നു തന്നെ പരസ്യമായി പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. അതിനുശേഷം കുറെ കാലമായിട്ടു് ഈ തൊട്ടുകൂടായ്മകളൊന്നും ഇല്ലെന്നാണു് അവർധരിച്ചു വച്ചിരിക്കുന്നതു്. എന്റെ മാന്യസ്നേഹിതൻ പറഞ്ഞുകേട്ടപ്പോഴാണു് ഇപ്പോഴും അതുണ്ടെന്നു് എനിക്കു മനസ്സിലായതു്. ഈ വക കാര്യങ്ങളിൽ പിന്നെയും പ്രമേയം കൊണ്ടുവരുന്നതിന്റെ ഉദ്ദേശം തന്നെ ഗവൺമെണ്ടിൽ നിന്നും നിഷ്കൃഷ്ടയോടുകൂടി ഇങ്ങിനെയുള്ള തോന്ന്യാസങ്ങളെ ഇല്ലായ്മ ചെയ്യണമെന്നു് അപേക്ഷിക്കുവാനാണു്. ഗവൺമെണ്ടുദ്യോഗസ്ഥന്മാർ ഇതിൽ പ്രത്യേകം നിഷ്കൃഷ്ടവയ്ക്കാത്തപക്ഷം പള്ളുരുത്തി മെമ്പർ പറഞ്ഞതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുവാനിടയുണ്ടു്. അതുകൊണ്ടു് ഗവൺമെണ്ടു് ബുദ്ധിപൂർവ്വകമായി ഇതിനെ മുളയിൽ തന്നെ നശിപ്പിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

Mr. C. A. Ouseph.—Sir, what a lot of trouble a piece of plank causes! It is but a dead piece of plank, but the writing on it, the place where it is displayed, the object with which it is fixed, proclaim to the world that there is an inferior and a superior race existing side by side in this advanced State. Sir, the position is inconsistent. In Cochin there is progress and retrogression going hand in hand. Years ago, it may be 30 or 35 years ago, Sir, a British Resident had to interfere in this very matter, the fixing of unapproachability notice-boards. There was some relief when foreign Diwans were in power but pious sons of the soil became Diwans of the land and then started retrogression. Acres and acres of land were assigned to Devaswoms in order to prevent the cry against closing of public roads. The step was suicidal, the remedy caused greater heart-rending than the evil itself. Now, Sir, even after that what all things have been done in the name of caste and pollution? Have we not seen a re-aligned road in Irinjalakkuda? A road which was once used by all castes and creeds was closed and Government spent thousands of rupees to open a new road. In Thottippal a road was being used by all people. Suddenly up came a petition The District Magistrate went to the spot and then that road was closed. These things have been coming. While Hon'ble Members like Mr. Ikkanda Warriar and Dr. A. R. Menon are trying to do away with the nuisance of caste and pollution and all the disabilities caused by these, other persons in the background whose names we do not know, are out to create trouble for the

LIBRARY ARCHIVES Kerala Legislative Assembly

people, for the State and for every one concerned. It is up to the Government to see that hereafter at least no notice boards are put up. How is it that some roads which were being used became useless all of a sudden? I remember a place in Trichur used by the C. M. S. students of all castes and creeds for going to the school, but now closed entirely to all. Dr. A. R. Menon as Chairman did one very good thing in Trichur.

Mr. George Chakkyamuri.—Only one? (*Laughter*).

Mr. C. A. Ouseph.—When the Brahmins of Pazhayanadakavu wanted to close that road to the general public he threatened that he would turn the gutter into it. Pazhayanadakavu is a Brahmin colony. If that can be made available for all persons I do not know how it would be difficult to open all the roads in the State to all her sons and daughters.

The House rose for lunch at 2 p. m. and met again at 3 p. m. with the Deputy President in the Chair.

Mr. Joseph Pettah.—Sir, I also beg to support this resolution. Though I am not prepared to go to the length advocated by the Hon'ble Member for Palliviruthy still I would say that it is a standing disgrace to all concerned that even at this hour of the day there should be such disgraceful notice boards put up in places which have been made open to all classes of people. We very well understand that by certain subterfugeous show or justifications may be brought forward for putting such notice boards as for instance the transfer of poramboke lands into Devaswam lands and such other devices. But the Government should remember that such devices are against the spirit of the undertaking they have given that all unapproachability and untouchability would be removed. If this spirit has to be maintained then the Government would do well not to have recourse to such subterfugeous shows and will honestly advocate the removing of such insulting boards that are found any where in the State. It is not necessary to say anything more on the desirability of having no such distinctions before the law because the Government have recognised that before the law there should be no distinction between man and man in the matter of caste, creed or anything. Then why should there be in the matter of communications, we fail to understand. The reasons for this resolution are so obvious that it is indeed a surprise that after repeated requests and resolutions passed in this House and after repeated undertakings also given by the Government such things still continue. By way of comparison or analogy there is also the reference to some village offices. So many times on the floor of this House it was pleaded that all these village offices should be accessible to all castes and creeds. In spite of these there are certain invidious distinctions prevailing in some village

LIBRARY ARCHIVES Kerala Legislative Assembly

offices even now. Therefore we once again press this home to the Government so that they may take prompt action in this particular matter.

മിസ്റ്റർ കെ. പി. വള്ളോൻ.—സാർ, നമ്മുടെ അയൽരാജ്യമായി തിരുവിതാംകൂർ ഗവൺമെണ്ടു് അവിടെയുള്ള എല്ലാ പബ്ലിക്കു് വഴികളും കിണറുകളും കുളങ്ങളും എല്ലാ ജാതിക്കാക്കും തുറന്നു കൊടുക്കണമെന്നു വിളംബരം പരസ്യം ചെയ്യുമ്പോൾ നമ്മുടെ ഗവൺമെണ്ടു് ഇവിടെയുള്ള ചില വഴികളിൽ കൂടി അവണ്ണക്കും മറവും നടന്നുകൂടായെന്നു് തീണ്ടൽ ബോർഡുകൾ എഴുതിവയ്ക്കുന്നു. ഇതു് എന്തൊരനീതി! രാജ്യത്തു് സമാധാനത്തോടുകൂടി ജീവിയ്ക്കുന്ന ആളുകളെ തമ്മിൽ തല്ലിയ്ക്കുവാൻ ക്ഷണിക്കുകയല്ലേ എന്നാണു ഞാൻ ചോദിയ്ക്കുന്നതു്. ഈ വക കാര്യങ്ങളിൽ നമ്മുടെ ഗവൺമെണ്ടിനു് ഒരു വലിയ പോരായ്മയുണ്ടു്. അയൽ രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ ഇതു് ഈ കൊച്ചീരാജ്യത്തിനു വളരെ വളരെ പോരായ്മയാണെന്നുള്ളതിനു തർക്കമില്ല. ഈ നിയമസഭയിൽ ചുങ്ങിനെയുള്ള പരാതികൾ നടക്കുന്നതായി പുറത്തു കേൾക്കുമ്പോൾ ഇതെല്ലാം നമ്മുടെ ഗവൺമെണ്ടുതന്നെ ഉണ്ടാക്കിത്തീർത്തിട്ടുള്ളതായ പോരായ്മയല്ലേയെന്നു് അയൽരാജ്യക്കാക്കു തോന്നിപ്പോകുവാനിടയുണ്ടു്. ഇപ്പോൾ അയിത്തക്കാരെന്നു പറയപ്പെടുന്നവർക്കു് കയറുവാൻ പാടില്ലാത്ത ക്ഷേത്രങ്ങളിൽ അവരാരും നിർബ്ബന്ധമായി കടന്നുപോകുന്നില്ല. അതിനെക്കുറിച്ചു് ഒരു വഴക്കും ഉണ്ടാകുന്നില്ല. അതും പറഞ്ഞു് തമ്മിൽ തല്ലുണ്ടാക്കുവാനും ശ്രമിക്കുന്നില്ല. ആ സ്ഥിതിയ്ക്കു് ഇങ്ങിനെയുള്ള ബോർഡുകൾ വയ്ക്കുവാൻ ആവശ്യപ്പെടുന്നതിന്റെ അർത്ഥം തന്നെയെന്താണു്? അതു് ആർക്കു വേണ്ടിയാണു്? ഇതിന്റെ ആവശ്യം ചില വ്യക്തികൾക്കു് മാത്രമല്ലേ? ഇതിനെ സംബന്ധിച്ചു് എനിയ്ക്കു് അധികമൊന്നും പറയുവാനില്ല. എന്തായും പരിപാവനമായി ഭരണം നടക്കുന്ന ഈ രാജ്യത്തു് ഈ മാതിരിയുള്ള സംഭവങ്ങൾ ഉണ്ടാകുന്നതിന്റെ അർത്ഥം ബാഹ്യങ്ങളെ ക്ഷണിച്ചുവരുത്തി നമ്മുടെ രാജ്യഭരണത്തെ മലിനപ്പെടുത്തുവാൻ ചിലർ തുടങ്ങുന്ന അനാവശ്യങ്ങളാണെന്നു വ്യക്തമാകുന്നുണ്ടു്. അതുകൊണ്ടു് ഇങ്ങിനെയുള്ള സംഗതികളിൽ നമ്മുടെ ഗവൺമെണ്ടു് മറ്റുള്ള ഗവൺമെണ്ടുകളെയെങ്കിലും അനുകരിച്ചു് അനാവശ്യമായഈ വക കാര്യങ്ങളെ ഈ നാട്ടിൽനിന്നു് ഇല്ലായ്മ ചെയ്യണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ നിയമത്തെബലമായി പിന്താങ്ങുന്നു.

Mr. A. Eachara Menon.—Sir, at a time when heroic efforts are being made to remove all manner of humiliation and disabilities in the whole of India it is but regretable that our Government without realising the responsibility should allow such advertisements of differences to be propagated even now,

LIBRARY ARCHIVES Kerala Legislative Assembly

Why are these boards put up there? By whom was it required? By whom was it mooted? It has been said here that His Highness did not want it; the members of this House did not want it; sanatanists say that they do not want it. So this is really to add insult to injury. The so-called untouchables and unapproachables have been suffering much and it has been said in this House that only a few yards of space that is not made serviceable to all classes of His Highness' subjects. I can only say by allowing these boards to be placed the authorities are only committing the saddest tragedy that could befall us. Do not propagate this class difference. I therefore whole-heartedly support this resolution.

Mr. P. S. Kesavan Nambudiri.—If these boards are placed in private places I have no complaint; but if they are placed in public places or on the vicinity of the public places then certainly I must enter my emphatic protest against it. To put up a notice on the public place that a certain individual or the members of a certain community should not be allowed to walk through a certain place is certainly defamatory to that individual or to the members of that community. Where is the need for these boards? If by immemorial custom certain classes of people are not allowed to frequent certain places due to sentimental or religious reasons then people will be conversant with that custom and there would not be any necessity for these boards. There are certain other cases where places which were used by the public as public places till yesterday are made private places by a stroke of the pen of the Diwan thereby transferring the ownership of the place to private parties. Perhaps it is in these cases that these notice boards will be necessary and it is the duty of every citizen of the State to make a protest against this policy of the Government in transferring the ownership of public places. By putting up these notices you are also giving a legal recognition to that time-worn custom and by that making it a written law. Otherwise in course of time these time-worn customs would die out. I strongly support this resolution because the Government's present attempt is against the spirit of modern times and against the principle of administration of every civilised form of Government. Therefore I do not think Government will have any objection for accepting this resolution.

Dr. A. R. Menon.—Before we proceed further we want to know the real state of affairs. Will any of the Government Members speak about the real state of the affair before we proceed further.

Mr. K. Achyuta Menon.—I shall be happy to state what I know in the matter and explain the Government position to

LIBRARY ARCHIVES Kerala Legislative Assembly

the best of my ability. The resolution before the House is couched in very general terms and couched as it is in general terms it gives rise to many great difficulties in the way of its practical application. I shall develop my argument.

But before I do so I will read the resolution. "This Council recommends to the Government to remove all unapproachability notice boards and not to allow any such notice board being newly put up anywhere in the State". Now I will proceed to explain the meaning of the word 'anywhere'. From the standpoint of this resolution places in the State may be divided into three classes. The first is private places. Obviously the Government has no right to dictate to the owners of the private places that they shall not place any boards like unapproachability boards in their places. It is left to the will and pleasure of the owner and he can write any wooden nonsense or any wooden sense in his premises as they like.

Mr. P. S. Kesavan Nambudiri.—If it contains defamatory matter?

Mr. K. Achyuta Menon.—The law provides adequate remedy for defamatory cases. There is the Penal Code. It is no use asking the Government to interfere in such a case. There are ample provisions in the Penal Code and if anybody is aggrieved he can seek remedy under that law. So that the question of defamation is beside the question. The private owner then has got the power to place any board he likes and the Government has obviously no right to say that he should not place such and such boards.

There are two other classes for purposes of this resolution—lands which are not public in the full sense of the term and lands which are public in the full sense of the term. One is apt to use the word 'public' in a rather loose fashion. The word public includes the whole population of the State and the word 'public' is also used for a section of His Highness' subjects. There are certain classes of lands for instance communal porambokes and temple porambokes used for specific purposes, for specific castes and creeds. There are innumerable difficulties in the way of the Government interfering in the manner suggested with respect to lands which have been immemorially used for specific purposes and by specific castes and creeds. The Government cannot legislate with reference to these lands and say that even though they were set apart for certain purposes and dedicated for certain kinds of usages they cannot now be set apart for those purposes hereafter and that the dedication should take a different turn from the original dedication and that a new kind of dedication may be impressed upon it whatever may be the original dedication. It

LIBRARY ARCHIVES Kerala Legislative Assembly

is a very doubtful question whether the Government can go to that extent. Apart from all questions of law it is a matter of doubtful policy to interfere with immemorial customs and usages—customs and usages which have ripened into law and rights which cannot be infringed. The question does not depend on the reasonableness of the custom or usage as viewed from the modern standard. There is another kind of land which might not have been set apart for specific purposes and not dedicated for specific classes. If there has been no specific dedication and if it was freely used by all and if afterwards any such boards is placed it is objectionable and the law will not allow it. Apart from Government legislating there are other remedies at law to prevent the putting up of these boards. Suppose there is a public place the use of which was not restricted to any caste or institution and if any body puts up any board that such and such class should not use it then a remedy can be sought in common law. Suppose there is a temple poramboke not open to all classes. As it is it could be proved that it has been set apart for a specific purpose and that it has been used as a temple poramboke. In such a case, it cannot be said by the Government that it should be thrown open to all. The question is whether the Government should interfere in putting an end to practices of immemorial standing and sanction new usages which are claimed as more reasonable from the modern standpoint. The question is a very delicate one for any Government to decide. There is a last class of lands, the use of which is not restricted to any particular class or caste. So far as I know no such theendal boards have been placed in them nor is any board proposed to be placed anywhere there.

The Hon'ble Member said that they had a right. If they had a right it is a matter for decision upon evidence. One side will be asserting that the other party has not acquired the right of way and the other side will be equally vehement and say that they have acquired the right of way. Then again, there are different kinds of usages in law. For instance I may use Dr. Menon's lands for a hundred years and I may have only permissive possession. Even though I have used it for 100 years I have not the acquired right over the land in such a case. In the other case where the user is as of right you need not use the land for 100 years. Yo will acquire the rights by user even if it is for a limited period and it will give you what is known as a right of easement. If easement has been acquired it is good in law. So that without a finding on the merits whether the proposed class of lands over which the board is proposed to be put up falls under the category of lands that are public in the full

LIBRARY ARCHIVES Kerala Legislative Assembly

sense of the term. Government cannot obviously interfere in the matter.

Mr. K. Ayyappan.—Did the Government refer to the Revenue authorities?

Rama Varmha Tampuran.—We have asked the Diwan Peishkar to report. We have not yet received his report.

Mr. K. Achyuta Menon.—There are the three classes of lands. The question has to be viewed in a different angle in each case. This resolution is not entirely new. A resolution very much like this was proposed to be moved by the late Mr. Munda Vaidyan in the Legislative Council after the first of December 1925. The Proceedings of the Diwan R. O. C.1069/01 makes the Government position quite clear.

